**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 309** **28-06-2024 - ൽ മറുപടിയ്ക്ക്**

**വയോമൈത്രി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഏറ്റവും കൂടുതൽ കരുതലും സ്നേഹവും പരിചരണവും ആഗ്രഹിക്കുന്ന കാലമാണ് വാർദ്ധക്യകാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാജ്യത്തുതന്നെ ജനസംഖ്യാനുപാതികമായി വയോജനങ്ങളുടെ എണ്ണം കൂടുതലുള്ള സംസ്ഥാനം കേരളമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഏറ്റവും കൂടുതൽ കരുതലും സ്നേഹവും പരിചരണവും ആഗ്രഹിക്കുന്ന കാലമാണ് വാർദ്ധക്യകാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വയോജനങ്ങളുടെ എണ്ണം കൂടുതലുള്ള സംസ്ഥാനം കേരളമാണെന്നത് പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. |
| (ബി) | കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തെ കൂടുതൽ വയോജന സൗഹൃദമാക്കുവാൻ വയോമൈത്രി പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; തെരഞ്ഞെടുത്ത ജില്ലകളിൽ നിന്നുള്ള കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളെ (സി.ഡി.എസ്.) പൈലറ്റ് അടിസ്ഥാനത്തിൽ വയോമൈത്രി സി.ഡി.എസ്. ആക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹ ബഹുമാനങ്ങൾ നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുകയും, അനുയോജ്യമായ അവസരങ്ങൾ കണ്ടെത്തി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരു അംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കേണ്ടതും വളരെ അത്യാവശ്യമാണ്. ഈ സാഹചര്യത്തിലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ റിലേഷൻഷിപ്പ് കേരള എന്ന പേരിൽ വയോജനങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതു പ്രകാരം നിലവിൽ 25,000 ത്തോളം വയോജന അയൽക്കൂട്ടങ്ങൾ കേരളത്തിലുണ്ട്.<br><br>വയോജന പരിചരണം എന്ന് പറയുന്നത് ഓരോ പൗരന്റേയും സമൂഹത്തിന്റേയും ഉത്തരവാദിത്തവും കടമയുമാണെന്ന ബോധം പൊതുസമൂഹത്തിന് സൃഷ്ടിക്കുന്നതിലേയ്ക്കായി 2022-ൽ വയോമൈത്രി പദ്ധതി ആരംഭിച്ചിരുന്നു. കേരളത്തിലെ 10 സിഡിഎസ്സുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ വയോമൈത്രി സിഡിഎസ് ആക്കി മാറ്റുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുകയും ആയത് പിന്നീട് മറ്റു |

| | | | |
|---|---|---|---|
| | | | സിഡിഎസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |
| (സി) | വയോജന വിദ്യാഭ്യാസം, വയോജനങ്ങൾക്കായുള്ള ഉപജീവന പദ്ധതികളുടെ നടത്തിപ്പ് എന്നീ രംഗങ്ങളിൽ കുടുംബശ്രീ മുഖേന കൂടുതൽ പ്രവർത്തന പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (സി) | വയോജനങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നുണ്ട്. വയോജനങ്ങൾക്ക് തുല്യനീതിയും തുല്യാവകാശവും ഉറപ്പാക്കുന്നതിനൊപ്പം സമൂഹത്തിൽ സ്വാഭിമാനത്തോടെ ജീവിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കി നൽകുന്നതിന്റെ ഭാഗമായി വയോജനങ്ങൾക്ക് ഉപജീവനോപാധികൾ ഉറപ്പുവരുത്തികൊണ്ട് അവരെയും അവരുടെ കുടുംബങ്ങളേയും സ്വയംപര്യാപ്തരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളോടെയാണ് വയോജനങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.<br><br>**ലക്ഷ്യം**<br>• സാധ്യമായ വയോജന അയൽക്കൂട്ട അംഗത്തെ/അംഗങ്ങളെ വരുമാനദായക പ്രവർത്തനങ്ങളിൽ എത്തിക്കുക.<br>• വരുമാനത്തോടൊപ്പം മാനസിക ഉല്ലാസവും കുടുംബത്തിലും സമൂഹത്തിലും അവർക്കുണ്ടാകുന്ന സ്വീകാര്യതയിലെ വർദ്ധനവുണ്ടാക്കുക.<br>• സംരംഭം ആരംഭിക്കുന്നതിനും ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനാവശ്യമായ സാഹചര്യവും സാമ്പത്തിക പിന്തുണയും ഉറപ്പാക്കുകയും അതിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്യുക.<br><br>ഇപ്രകാരം വയോജനങ്ങൾക്ക് ഉപജീവന മാർഗ്ഗം സൃഷ്ടിക്കുന്നതിലേയ്ക്കും ആവശ്യമായ പിന്തുണ നൽകുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും 30.12.2023-ലെ 1/103899/2023 പ്രകാരം പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | വയോജനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ റിലേഷൻഷിപ്പ് കേരള എന്ന പേരിൽ വയോജന അയൽക്കൂട്ട രൂപീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ് ജെൻഡർ എന്നീ പ്രത്യേക പരിഗണ അർഹിക്കുന്നവർക്കായി കുടുംബശ്രീ നടത്തുന്ന പ്രത്യേക പരിപാടിയാണ് റിലേഷൻഷിപ്പ് കേരള. പദ്ധതിയുടെ ഭാഗമായി 25,992 വയോജന അയൽക്കൂട്ടങ്ങളും, 3,352 ഭിന്നശേഷി അയൽക്കൂട്ടങ്ങളും 48 ട്രാൻസ് ജെൻഡർ അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13,000 അയൽക്കൂട്ടങ്ങൾക്ക് 5000 രൂപ വീതം കോർപ്പസ് ഫണ്ട് നൽകുവാനും സാധിച്ചിട്ടുണ്ട്. വയോജനങ്ങൾക്കുള്ള വിവിധങ്ങളായ ശാരീരികവും |

| | | | |
|---|---|---|---|
| | | | മാനസീക ഉല്ലാസത്തിനുമായി വിവിധ പരിപാടികൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. എല്ലാ വർഷവും വയോജന സംഗമം ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളിൽ വിനോദയാത്ര പോലെയുള്ള പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ